# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1546** **05/12/2014 - ൽ മറുപടിക്ക്**

**'പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തൽ '**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീ. കെ.സി.ജോസഫ്**<br>**( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി )** |
| *(എ).* പ്രാദേശിക പത്ര പ്രവർത്തകർക്ക് വേണ്ടിയുള്ള ക്ഷേമനിധി എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;<br><br>*(ബി).* ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br><br>*(സി)* സമയബന്ധിതമായി ഈ ക്ഷേമനിധി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | *(എ).* *(ബി)* & *(സി).* പ്രാദേശിക പത്ര പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും നടപടികൾ നടന്നു വരികയുമാണ്. നിലവിലെ വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് പ്രകാരം പത്ര പ്രവർത്തകരുടെ സംജ്ഞയിൽ ഉൾപ്പെടുന്നവരല്ല 'പ്രാദേശിക പത്രപ്രവർത്തകർ' എന്നതിനാൽ പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. എങ്കിലും ഇത് പരിഹരിക്കുന്നതിനായി മാനേജ്മെന്റിന്റെ പ്രതിനിധികളുമായി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നെങ്കിലും മാനേജുമെന്റുകളുടെ വിഹിതം നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടായില്ല. തുടർന്ന് പി.ആർ.ഡി ഡയറക്ടറുടെ അധ്യക്ഷതയിൽ KUWJ പ്രതിനിധികളുമായും ചർച്ച നടത്തുകയും |

.............................(2)

അവർ ഇതു സംബന്ധിച്ച് ഹാജരാക്കിയ അഭിപ്രായത്തിലും 'പ്രാദേശിക പത്ര പ്രവർത്തകർ' പത്രപ്രവർത്തകർ എന്ന സംജ്ഞയിൽ ഉൾപ്പെടുന്നില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. സർക്കാരിന്റെ മാത്രം സാമ്പത്തിക പങ്കാളിത്തത്തോടെ ക്ഷേമ നിധി നടപ്പിലാക്കുക എന്നത് പ്രായോഗിക-മായി പ്രയാസമുള്ള കാര്യമാണെങ്കിലും ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചു വരുന്നു.

RJayasry
സെക്ഷൻ ഓഫീസർ